ട്രാഫിക് നിയമങ്ങൾ പാലിക്കാത്തവർക്കെതിരെ ശിക്ഷാ നടപടി

*5 [593] *ശ്രീ. തോമസ് ചാഴികാടൻ:*

,, *റോഷി അഗസ്റ്റിൻ:*

,, *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായം കുറഞ്ഞവർ വാഹനമോടിക്കുന്നതും ഇടതുവശം ചേർന്ന് ഓവർടേക്ക് ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പകൽ സമയങ്ങളിൽ തിരക്കേറിയ റോഡിലൂടെ തടി ലോറികളും ടിപ്പർ ലോറികളും യാതൊരു നിബന്ധനയും പാലിക്കാതെ ഓടിക്കുന്നത് തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ;

(സി) ട്രാഫിക് നിയമങ്ങൾ പാലിക്കാത്തവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ?

ഗതാഗത വകുപ്പു മന്ത്രി *(ശ്രീ. എൻ. ശക്തൻ):*

(എ) ഉണ്ട്.

(ബി) കർശന നടപടി സ്വീകരിക്കുന്നതാണ്.

(സി) നിർദ്ദേശങ്ങൾ നിലവിലുണ്ട്.

ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി

*6 [594] *ശ്രീ. ടി. പി. രാമകൃഷ്ണൻ:*

,, *കെ. രാധാകൃഷ്ണൻ:*

,, *കെ. കെ. ജയചന്ദ്രൻ:*

,, *ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് നടപ്പാക്കുന്ന പെൻഷൻ പദ്ധതികളിലും ക്ഷേമ പദ്ധതികളിലും കാലികമായി വർദ്ധന വരുത്തണമെന്ന ആവശ്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ക്ഷേമ പദ്ധതികളുടെ കാര്യത്തിലാണ് വർദ്ധന വരുത്താൻ ഉദ്ദേശിക്കുന്നത്;

(സി) ക്ഷേമ പദ്ധതികളുടെ കുടിശ്ശിക ഈ സർക്കാരിന്റെ ഭരണ കാലയളവിനുള്ളിൽ കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പു മന്ത്രി *(ശ്രീ. ബാബു ദിവാകരൻ)*:

(എ) സർക്കാരിന്റേയും അതാത് ക്ഷേമനിധി ബോർഡുകളുടെയും സാമ്പത്തിക നില കണക്കിലെടുത്ത് പെൻഷൻ പദ്ധതികളിലും ക്ഷേമ പദ്ധതികളിലും വർദ്ധന വരുത്തണമെന്ന ആവശ്യം സർക്കാർ പരിഗണിക്കാറുണ്ട്.

(ബി) ഇപ്പോൾ ആനുകൂല്യ വർദ്ധനയ്ക്കായി പരിഗണനയിൽ ഉള്ള ക്ഷേമ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ക്ഷേമ പദ്ധതികളുടെ കുടിശ്ശിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിതരണം നടത്തുന്നതാണ്.

അസംഘടിതരായ കൈത്തറി ഉൽപാദകരുടെ ഉൽപന്നങ്ങൾക്ക് വിപണനം

*7 [595] *ശ്രീ. ലൂഡി ലൂയിസ്:*

„ *ജോർജ് ജെ. മാത്യു:*

„ *കെ. സാബു:*

„ *സി. പി. മുഹമ്മദ്:*

„ *കെ. അച്ചുതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ അസംഘടിതരായ കൈത്തറി ഉൽപാദകരുടെ ഉൽപന്നങ്ങൾ ഇന്ന് ഏതു വിധത്തിലാണ് വപണനം ചെയ്യുന്നത്;

(ബി) അവരുടെ ഉൽപന്നങ്ങൾ വിപണനം ചെയ്യുന്ന കാര്യത്തിൽ എന്തെല്ലാം സഹായങ്ങൾ നൽകുവാനുദ്ദേശിക്കുന്നു; കൈത്തറി രംഗത്ത് സ്വയം തൊഴിലിലേർപ്പെട്ടിട്ടുള്ള എത്രപേർ സംസ്ഥാനത്തുണ്ട് എന്ന് വെളിപ്പെടുത്താമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)*:

(എ) സഹകരണ മേഖലയിലെ തൊഴിലാളികൾ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഹാന്റക്സ് വഴിയും സംഘങ്ങൾ നേരിട്ടും വപണനം നടത്തിവരുന്നു.

(ബി) ഹാന്റക്സിനും പ്രാഥമിക സഹകരണ സംഘങ്ങൾക്കും വസ്ത്രങ്ങൾ വിറ്റഴിക്കുന്നതിന് റിബേറ്റ്, മാർക്കറ്റിംഗ് ഇൻസെന്റീവ് എന്നീ ഇനങ്ങളിൽ ധനസഹായം നൽകി വരുന്നു. സഹകരണ മേഖലയിലും ഹാന്റ്വീവിലും ഉള്ള തൊഴിലാളികളൊഴിച്ച് ബാക്കി 24942 പേർ സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരാണെന്ന് കണക്കാക്കുന്നു.

---

† അനുബന്ധം II

GPM. 2/247/2012.—5

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

23-3-2005-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *6 (594) കാണുക

1. കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ ചികിത്സാനുകൂല്യത്തിൽ വർദ്ധനവു വരുത്തുന്നതിനുള്ള നിർദ്ദേശം.

2. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്രസവാനുകൂല്യം 600 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം.

3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്രതിമാസ പെൻഷൻ 100 രൂപയിൽ നിന്ന് 150 രൂപയായി ഉയർത്തണമെന്നുള്ള ആവശ്യം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

4. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് കൈത്തറി തൊഴിലാളികൾക്ക് നൽകിവരുന്ന പെൻഷൻ വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം

5. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ആശ്രിതർക്ക് നൽകിവരുന്ന എക്സ്ഗ്രേഷ്യ, അവശതമൂലം ജോലിയിൽ തുടരാൻ കഴിയാത്തവർക്കു നൽകിവരുന്ന ധനസഹായം, മരണാനന്തര സഹായം, മാരക രോഗങ്ങൾക്കുള്ള ചികിത്സാ സഹായം, രോഗചികിത്സയ്ക്കുള്ള അഡ്വാൻസ്, വിദ്യാഭ്യാസ വായ്പ, വിവാഹധനസഹായം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly